# CAREER Updates
# പത്രവൃത്താന്തം

27.07.2024 (ശനി)



- ➩ 2024-ലെ പാരീസ് ഒളിമ്പിക്സിന്റെ ഉദ്ഘാടന ചടങ്ങിൽ ഇന്ത്യൻ പതാകയേന്തിയ താരങ്ങൾ
  - ✔ അചന്ത ശരത്കമൽ (ടേബിൾ ടെന്നീസ്), പി.വി. സിന്ധു (ബാഡ്മിന്റൺ)

- 2024 ജൂലൈ 26-നാണ് പാരീസ് ഒളിമ്പിക്സ് ഉദ്ഘാടനം ചെയ്യപ്പെട്ടത്. ചരിത്രത്തിൽ ആദ്യമായാണ് ഒളിമ്പിക്സിന്റെ ഉദ്ഘാടന ചടങ്ങുകൾ തുറന്ന വേദിയിൽ നടത്തപ്പെടുന്നത്. സെൻ നദിയിലൂടെയാണ് താരങ്ങളുടെ മാർച്ച്പാസ്റ്റ് നടന്നത്.
- 206 രാജ്യങ്ങളും ഒപ്പം അഭയാർത്ഥികളുടെ ടീമുമാണ് 2024-ലെ പാരീസ് ഒളിമ്പിക്സിൽ പങ്കെടുത്തത്. ഏറ്റവും കൂടുതൽ താരങ്ങളെ പങ്കെടുപ്പിച്ച രാജ്യം അമേരിക്ക ആണ്. 70 പുരുഷന്മാരും 47 വനിതകളും അടക്കം 117 താരങ്ങളാണ് ഒളിമ്പിക്സിനായുള്ള ഇന്ത്യൻ ടീമിലുള്ളത്. ഷൂട്ടിംഗ് താരം ഗഗൻ നാരംഗ് ആണ് ഇന്ത്യൻ സംഘത്തെ നയിച്ചത്.

- ➩ ഒളിമ്പിക്സ് മാതൃകയിൽ നടത്തപ്പെടുന്ന 2024-ലെ 63-ാമത് കേരള സ്കൂൾ കലോത്സവത്തിന് നൽകപ്പെട്ട പേര്
  - ✔ കേരള സ്കൂൾ ഒളിമ്പിക്സ്, കൊച്ചി-2024
- ➩ ഖനികൾക്കും ധാതുക്കൾക്കും നികുതി ചുമത്താൻ സംസ്ഥാനങ്ങൾക്ക് അധികാരമുണ്ടെന്ന വിധി പുറപ്പെടുവിച്ച ഒമ്പതംഗ സുപ്രീം കോടതി ബെഞ്ചിന്റെ അധ്യക്ഷൻ
  - ✔ ഡി.വൈ. ചന്ദ്രചൂഢ് (ചീഫ് ജസ്റ്റിസ്)
- ➩ 2024 ജൂലൈയിൽ തായ്‌വാൻ, ഫിലിപ്പീൻസ് എന്നീ രാജ്യങ്ങളിൽ നാശനഷ്ടം വിതച്ച ചുഴലിക്കാറ്റ്
  - ✔ ഗേമി
- ➩ അന്തരിച്ച സംവിധായകൻ സിദ്ദിഖിന്റെ സ്മരണാർത്ഥം സിദ്ദിഖ് സ്മാരക സമിതി നൽകുന്ന പുരസ്കാരത്തിന് 2024 ജൂലൈയിൽ അർഹനായ സാഹിത്യകാരൻ
  - ✔ എം.കെ. സാനു
- ➩ സൂപ്പർ ലീഗ് കേരള ടീമായ ഫോഴ്സ കൊച്ചി എഫ്.സി.യുടെ ലോഗോ 2024 ജൂലൈയിൽ അനാച്ഛാദനം ചെയ്ത ചലച്ചിത്ര താരം
  - ✔ പൃഥ്വിരാജ്
- ➩ അടുത്തിടെ അന്താരാഷ്ട്ര ക്രിക്കറ്റ് മത്സരത്തിൽ അമ്പയറായി അരങ്ങേറിയ മലയാളി
  - ✔ രാജേഷ് പിള്ള
- ➩ 2024 ജൂലൈയിൽ ശൗര്യ എയർലൈൻസിന്റെ വിമാനം തകർന്നു വീണ് അപകടമുണ്ടായ നേപ്പാളിലെ വിമാനത്താവളം
  - ✔ ത്രിഭുവൻ അന്താരാഷ്ട്ര വിമാനത്താവളം
- ➩ ഇന്ത്യയിലെ ഏത് പ്രദേശവും അടയാളപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ തപാൽ വകുപ്പ് നടപ്പിലാക്കാനൊരുങ്ങുന്ന സംവിധാനം
  - ✔ ഡിജിറ്റൽ പോസ്റ്റൽ ഇൻഡക്സ് നമ്പർ (ഡിജിപിൻ)

CAREER GUIDANCE BUREAU

കരിയർ ഗൈഡൻസ് ബ്യൂറോ
ആറ്റിങ്ങൽ & തമ്പാനൂർ ✆ 8590 333 999